സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2025
Vol. 2 Issue 1 pages 64-67

പാലൈ
PALAI பாலை
ISSN No: 3049-0316

# എട്ടാം കാറൽസ്മാന്റെ ജീവിതവും കോവിഡ് കാലവും: പി ജെ ജെ ആന്റണി



**നിഷമോൾ തങ്കപ്പൻ***

**സംഗ്രഹം**

പി ജെ ജെ ആന്റണിയുടെ എട്ടാം കാറൽസ്മാന്റെ ജീവിതവും കോവിഡ് കാലവും എന്ന കഥയെ ആസ്പദമാക്കിയുള്ള ഒരു പഠനം. മനുഷ്യരാശിയെ നിശ്ചലമാക്കിയ ഒരു രോഗകാലം, അത് കഴിഞ്ഞു പോയെങ്കിലും ഇന്നും അതിന്റെ ഭീതിതമായ അനുരണനങ്ങൾ മനുഷ്യരാശിയെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. ലോകത്തിന്റെ ഗന്ധവും രുചിയും നഷ്ടപ്പെട്ട ആ കാലത്ത് നിന്നുകൊണ്ട് കളിത്തട്ടിൽ പറന്നുയർന്ന് കളിച്ചിരുന്ന, കഴിഞ്ഞ കാലത്തെ തൊട്ടു നോക്കാനുള്ള ശ്രമമാണ് എട്ടാം കാറൽസ്മാന്റെ ജീവിതവും കോവിഡ് കാലവും.

**താക്കോൽ വാക്കുകൾ:** ലോക്ക് ഡൗൺ, വാക്സിനേഷൻ, കോൺസൺട്രേഷൻ ക്യാമ്പ്, ഗന്ധശേഖരം, അതിജീവനം

## ആമുഖം

സഞ്ചാര സാഹിത്യകാരനും കഥാകൃത്തുമായ പി ജെ ജെ ആന്റണിയുടെ എട്ടാം കാറൽസ്മാന്റെ ജീവിതവും കോവിഡ് കാലവും  എന്ന കഥയിൽ രോഗം ബാധിച്ച ഒരു കാലഘട്ടത്തിന്റെ വേദനകളും സംഘർഷങ്ങളും നൈരാശ്യങ്ങളും തീവ്രത ചോർന്നു പോകാതെ വരച്ചിടുന്നു. മൗലിക അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അവനവനോട് തന്നെ കലഹിച്ചും പിറുപിറുത്തും വീടിനുള്ളിൽ കഴിഞ്ഞ,കോവിഡ് വാക്സിനേഷനും,ലോക്ഡൗണും നിത്യപരിചിത പദങ്ങൾ ആയ കോവിഡ് കാലത്ത് നിന്നുകൊണ്ട് പ്രകൃതിയുടെ നിറവിലേക്ക്, രുചികളിലേക്ക്,ഗന്ധങ്ങളിലേക്ക് ക്ഷണിക്കുകയാണ് എഴുത്തുകാരൻ.

## എട്ടാം കാറൽസ്മാന്റെ ജീവിതവും കോവിഡ് കാലവും

മനുഷ്യ ജീവിതത്തിന്റെ കാമനകളുടെയും വ്യഥകളുടെയും സർഗാത്മകമായ ആവിഷ്കരണം കൊണ്ടും വിസ്ഫോടനാത്മകമായ ചിന്തകൾ കൊണ്ടും നവീകരിച്ചു കൊണ്ടിരിക്കുന്ന എഴുത്ത് ലോകം. മനുഷ്യന്റെ ആദിയും വ്യാധിയും അതിന്റെ തീഷ്ണഗന്ധങ്ങളും മരണത്തിന്റെ ഭീകരതയും നിസ്സഹായതയും ചൂഴ്ന്ന നിൽക്കുന്ന ജീവിതങ്ങൾ ലോക സാഹിത്യത്തിലുടനീളം ഉണ്ട്. അതിനോട് ചേർന്ന് നിന്ന് കൊണ്ട് രോഗം ബാധിച്ച

* നിഷമോൾ തങ്കപ്പൻ, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, ശ്രീനാരായണഗുരു കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, പൈങ്ങോട്ടൂർ

ISSN No: 3049-0316


മറ്റൊരു കാലത്തിന്റെ കഥ പറയുന്ന എട്ടാം കാറൽസ്മാന്റെ ജീവിതവും കോവിഡ് കാലവും എന്ന കഥയിൽ പി ജെ ജെ ആന്റണി.

കാറൽസ്മാന്റെ ജീവിതവും ചവിട്ടുനാടവും കഥയ്ക്ക് ചരിത്രപരമായ ഒരു പശ്ചാത്തലം ഒരുക്കുന്നുണ്ട്. കോവിഡ് വാക്സിനേഷനായി സർക്കാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ എത്തിയ കഥാനായകന്റെ ഭൂതകാല ഓർമ്മകളോടുള്ള അടങ്ങാത്ത അഭിനിവേശമാണ് കഥയുടെ ജീവൻ. പരസ്പരം മുഖം കാണാത്ത,കെട്ടിപ്പുണരാത്ത,കൈയകലം പാലിക്കുന്ന ഒരു രോഗകാലത്ത് നിന്നുകൊണ്ട് ഉല്ലാസത്തിന്റേത് മാത്രമായ ഒരു കാലത്തിലേക്ക് തിരികെ നടക്കുന്ന അയാൾ. കോവിഡ് കാലത്തിന്റെ അരുതായ്കകളിൽ, ഗന്ധം കൊണ്ട് തങ്ങളെ പൊതിഞ്ഞു പിടിച്ച പച്ചപ്പിന്റെ മധുര രസങ്ങളെ സ്വയം നുണയുന്നു.

എട്ടാം കാറൽസ്മാന്റെ ജീവിതവും കോവിഡ് കാലവും ആരംഭിക്കുന്നത് ഇങ്ങനെയാണ് : “മഴ തോർന്ന ഒരു വെയിൽ ദിവസമാണ് കോവിഡ് വാക്സിനേഷനായി അയാൾ സർക്കാർ വക കുടുംബാരോഗ്യ കേന്ദ്രത്തിൽ എത്തിയത്.” പണ്ട് കുറുക്കൻ കാട്ടം, കൊട്ടങ്ങ തോപ്പും, പൂച്ചപ്പഴ ചെടികളും പടർന്നു കിടന്നിരുന്ന ഒരു പാഴ്പ്രദേശം വെട്ടിനിരത്തി വെളുപ്പിച്ചെടുത്തിടത്തായിരുന്ന സർക്കാർ വക കുടുംബാരോഗ്യ കേന്ദ്രം. പൂച്ചപ്പഴവും കൊട്ടങ്ങയും നാവിലെ രസമുകളങ്ങളെ മുളച്ച പൊന്തിച്ചിരുന്ന, ട്രൗസറിന്റെ കീശ നിറച്ചിരുന്ന, പങ്കുവെക്കലിന്റെ ആദ്യപാഠങ്ങൾ പഠിപ്പിച്ചിരുന്ന പച്ചപ്പിന്റെ ഊഷ്മള ലോകത്തിന്റെ കവാടത്തിലാണ് ഇന്ന് കുടുംബാരോഗ്യ കേന്ദ്രം തലയുയർത്തി നിൽക്കുന്നത്.ആരോഗ്യമുള്ളവയെ എല്ലാം കീഴടക്കി കൊണ്ട് പണിഉയർത്തപ്പെടുന്ന ആരോഗ്യ കേന്ദ്രങ്ങളിലാണ് ഇന്ന് ആരോഗ്യം വിൽക്കപ്പെടുന്നത് എന്ന അപഹാസ്യത ഇവിടെ മറഞ്ഞു കിടപ്പുണ്ട്. അവിടെ നിന്നുകൊണ്ട് ചേർത്തുവയ്ക്കുന്ന ഭൂതകാലത്തിന് നഷ്ടപ്പെട്ടുപോയ ഒരു സുവർണ്ണ കാലത്തിന്റെ നോവാണുള്ളത്.

“വാക്സിൻ എത്തിയിട്ടില്ല അലോട്ട് ആകാൻ വൈകി കാക്കേണ്ടി വരും” ആശാവർക്കർ ഇത് പറയുമ്പോൾ ലോകം മുഴുവൻ വാക്സിനേഷനായി കാത്തുനിൽക്കുകയാണ് എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണത്. കോവിഡിനെ പ്രതിരോധിക്കാനുള്ള വാക്സിനായുള്ള കാത്തിരിപ്പ്,ഒറ്റപ്പെടുത്തലുകൾ ഉണ്ടാക്കുന്ന മാനസിക സംഘർഷം, കോവിഡ് ബാക്കിവെച്ച് പോകുന്ന ശാരീരിക അസ്വസ്ഥതകൾ, ഇങ്ങനെ രോഗം ബാധിച്ച ഒരു കാലത്തിന്റെ നേർചിത്രം പങ്കു വയ്ക്കുന്ന കഥാകൃത്ത്. വാക്സിൻ എത്താനുള്ള ഇടവേളയിൽ വെളിയിടത്തിലേക്ക് നടന്നു കയറുന്ന കഥാനായകനെ തിരിച്ചറിഞ്ഞുകൊണ്ട് ഇളകി ചിരിക്കുന്ന കൊട്ടങ്ങ തിങ്ങിയ കുറ്റിച്ചെടി. കരിനീലയിൽ പഴുത്ത കൊട്ടങ്ങയുടെ ചാറ്,ഉുവെള്ള പൂച്ചപ്പഴങ്ങൾ നാട് നീങ്ങിയ പ്രകൃതി അപൂർവ്വമായ പഴരസത്തിനൊപ്പം ജീവനാർന്ന് കഥാനായകനിൽ നിവരുകയാണ്.ഒപ്പം വേനൽമഴയുടെയും, കടുകും കായവും ചേർത്ത് അരയ്ക്കുന്നതിന്റെ ഗന്ധവും അയാൾ അറിയുന്നു. സ്കൂളിൽ മണിയടിക്കുമ്പോൾ ആർത്തിരമ്പി ഓടി വരുന്ന കുട്ടികളുടെ ശബ്ദം,അതോടൊപ്പം എന്നും എന്നപോലെ ഓടിവന്ന് കയ്യിൽ പിടിക്കുന്ന നെപ്പോളിയൻ. പഴുത്ത കൊട്ടങ്ങ തിങ്ങിയ കീശകൾ, ഉുമഞ്ഞ കോളാമ്പി പൂക്കൾക്കരികെ കരിവളയിട്ട കൈകളാൽ കൊട്ടങ്ങ കുലകൾ ചീന്തി കൊണ്ട് സൗദാമിനി!.ഒരുകാലത്തും മറന്നുപോവില്ലാത്ത അവളുടെ മന്ദഹാസം ഇങ്ങനെ സ്മൃതികളുടെ എത്രയെത്ര പഴ രസങ്ങൾ.

സ്കൂൾവാർഷികത്തിന്റെ മുഖ്യ ഇനമായ ചവിട്ടു നാടകത്തിൽ തുടർച്ചയായി കാറൽസ്മാൻ ചക്രവർത്തിയായി കളിത്തട്ടിൽ ചവിട്ടിയുയർന്നിരുന്നത് നെപ്പോളിയൻ ആണ്. കണ്ണുമഞ്ഞിപ്പോകുന്ന വേഷങ്ങൾ അണിഞ്ഞ് ചെങ്കോലും കിരീടവുമായി ചക്രവർത്തി ചവിട്ടിക്കയറുന്ന കാഴ്ചയുടെ പൊലിമയും ഊറ്റവും. മുത്തും പവിഴവും രത്നങ്ങളും മിന്നുന്ന കിരീടം, ഉലഞ്ഞാടുന്ന മേലാട, ചെങ്കൽ നിറമുള്ള തുകൽ ഷൂ. മൂന്ന് മാസങ്ങൾ എടുത്താണ് പരിശീലകനായ തോട്ടുങ്കൽ ഫ്രാൻസിസ് കാറൽസ്മാൻ ചക്രവർത്തിയുടെ ദർബാർ പൊലിപ്പിച്ചെടുത്തിരുന്നത്. കളിത്തട്ട് തയ്യാറാക്കി മയിലെണ്ണ തേച്ച് ഉഴിഞ്ഞ് ദേഹം പാകപ്പെടുത്തി നീണ്ട ഒരുക്കങ്ങളുടെ അവസാനമാണ് കാറൽസ്മാൻ ചക്രവർത്തി തട്ടിൽ കയറുന്നത്. ഇരുളും വെളിച്ചവും തിളങ്ങുന്ന പൊൻ വർണ്ണങ്ങളുടെ കൂടെ തിളങ്ങുന്ന ഉടവാളുമായി നെപ്പോളിയൻ നിൽക്കുമ്പോൾ അതിനു സമമായി സൗദാമിനിയുടെ പുഞ്ചിരി ഉണ്ടെന്നത് അയാൾ പോലും മറന്നുപോകുമായിരുന്നു. പ്രപഞ്ചത്തിന്റെ മറ്റൊരു ഭാഗമായി തീർന്നിരുന്ന സ്കൂൾ പറമ്പിൽ ചവിട്ടു നാടകത്തിന്റെ മാന്ത്രികതയിൽ മുങ്ങിയിരിക്കെ നൂൽ വണ്ണത്തിൽ മുഖത്തേയ്ക്ക് ചാഞ്ഞ മഴ കഥാനായകന്റെ ബോധത്തിൽ പെയ്തിറങ്ങി. മഴ തോർന്നതോടെ ഇടുങ്ങിയിടുങ്ങി ഇല്ലാതെയായ വെളിയിടത്തിന് നടുവിൽ അയാൾ തന്നെ വീണ്ടെടുക്കുന്നു.

ഭൂതകാലത്തിന്റെ നിഴലിൽ നിന്ന് ഊർന്നിറങ്ങി അയാൾ മുന്നോട്ട് നടന്നു. പിന്നിൽ തലയെടുപ്പോടെ കുടുംബാരോഗ്യകേന്ദ്രം. പോയകാല ഓർമ്മകളുടെ, അതിലെ സ്വാതന്ത്ര്യത്തിന്റെ സമൃദ്ധിയിൽ നിന്ന് രോഗങ്ങളുടെ അസ്വാതന്ത്ര്യങ്ങളുടെ, വർത്തമാനകാലത്തിലേക്ക് അയാൾക്ക് ഇറങ്ങി വരേണ്ടിവരുന്നു. അവിടെ കാത്തുനിൽക്കുന്ന ആശാ വർക്കർ ഉഷ. "വാക്സിനേഷൻ തുടങ്ങി സാറിന്റെ നമ്പർ അമ്പത്തി ഒന്നാണ് ലൈനിലേക്ക് കയറി നിന്നോളൂ. പേര് രജിസ്റ്റർ ചെയ്യാനുള്ള ക്യൂ ആണ് അതാണ് തുടക്കം" ഉഷ പറയുന്നു. ഒന്നാം വാർഡിലെ അറുപത് കഴിഞ്ഞ എല്ലാവരെയും തേടിപ്പിടിച്ച് വാക്സിൻ എടുപ്പിക്കേണ്ട ഉത്തരവാദിത്തം ഉഷയ്ക്കാണ്. രജിസ്ട്രേഷൻ കഴിഞ്ഞപ്പോൾ ഡേറ്റാ കളക്ഷനും ഉപദേശങ്ങളും, അലർജി ചരിത്രം. നീണ്ടുവരുന്ന ക്യൂ അതിനിടയിൽ തോളിന് താഴെ പഴയ ഇടം തന്നെ തേടി സൂചി! കുത്തിവെപ്പ് കഴിഞ്ഞാൽ പിന്നെയും ക്യൂവിൽ നിർത്തി പേരെഴുതൽ, ഒബ്സർവേഷനുള്ള നിർദ്ദേശങ്ങൾ, നേരിയ പനിയും ശരീരവേദനയും വന്നേക്കും പാരസെറ്റമോൾ അല്ലാതെ മറ്റൊന്നും കഴിക്കരുത് എന്ന ഉപദേശം.ഇതെല്ലാം സ്വീകരിച്ച് കസേരയിൽ ഇരുന്നപ്പോഴാണ് പുറത്തെ കസേരയിൽ എട്ടാം കാറൽസ്മാൻ വെട്ടപ്പെട്ടത്! കോവിഡ്കാലം ഞങ്ങൾക്കിടയിൽ നിന്ന് നീങ്ങിപ്പോയി. അവന്റെ കൈത്തലം ഞാൻ കയ്യിലെടുത്തു, അത് നനവുള്ളതും ചൂടുള്ളതും ആയിരുന്നു. ഞങ്ങൾ പരസ്പരം നോക്കി വാക്കുകൾ തടഞ്ഞിട്ടും തിരിച്ചറിഞ്ഞു. "കോവിഡ് വന്ന മരിക്കുന്നത് എനിക്കിഷ്ടമല്ല അങ്ങനെ ചത്താൽ കത്തിക്കും. എനിക്ക് മണ്ണിൽ ഉറങ്ങണം" നെപ്പോളിയൻ പറഞ്ഞു."കോവിഡ് എന്റെ കാലിൽ വന്നു മുട്ടുന്നുണ്ട് പൊളിഞ്ഞ തട്ടിലാണ് കളിക്കുന്നത് എന്നൊരു തോന്നൽ. മുൻപ് ഒരിക്കലും എനിക്കങ്ങനെ തോന്നിയിട്ടില്ല" നെപ്പോളിയന്റെ വാക്കുകൾ പതറി മുറിഞ്ഞു. പറയുമ്പോൾ മുൻപെങ്ങും ഇല്ലാത്ത ഭീതി.

രോഗഭയത്താൽ തങ്ങളിലേക്ക് തന്നെ ഒതുങ്ങി,സ്വയം ചങ്ങല പൂട്ടി തീർപ്പ് കൽപ്പിക്കുന്ന ഒരു ലോകത്ത് ആളുകൾ എത്തി ചേർന്നിരിക്കുന്നു. കോവിഡ് മനുഷ്യവംശത്തിന് നൽകിയിട്ടുള്ള അരുതുകളുടെ ഒരു കൂട്ടം ഉണ്ട്, അവന്റെ വാസനകളെ മറയ്ക്കുന്നതാണ് അത്. മാസ്ക് ധരിച്ച് സാനിറ്റൈസർ ഉപയോഗിച്ച് കൈയകലം പാലിക്കുക എന്നതാണ് ജീവിതവാക്യം. കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇതെല്ലാം പാലിച്ചും പാലിക്കാതെയും വാക്സിനായി തിരക്ക് കൂട്ടുന്നവരുടെ ക്യൂവിലാണ് എട്ടാം കാറൽസ്മാൻ.കളിത്തട്ടിൽ ആറടി ഉയരത്തിൽ പറന്നുയർന്ന് കളിച്ചവൻ, അല്പം വളവോടുകൂടി വാക്സിൻ സ്വീകരണത്തിനായി നിൽപ്പുണ്ട്. രോഗകാലത്ത് നിന്നുകൊണ്ട് കൈയകലം പാലിക്കാത്ത,രോഗമുക്തമായ ഒരു കാലം കൊതിക്കുമ്പോൾ, വീരപ്രതാപത്തോടെ ചവിട്ടി ഉയരുന്ന എട്ടാം കാറൽസ്മാനെ വീണ്ടും കാണുകയാണ്.

## കാറൽസ്മാനിലെ രുചിക്കൂട്ടും ഗന്ധങ്ങളും

അൽഷിമേഴ്സ്, പാർക്കിസൺസ് തുടങ്ങിയ രോഗങ്ങളുടെ ആദ്യ മുന്നറിയിപ്പാണ് ഗന്ധം അറിയാനുള്ള കഴിവില്ലായ്മ. കോവിഡ്19 ന്റെ പ്രധാന ലക്ഷണം ദീർഘകാല ഗന്ധം നഷ്ടപ്പെടുന്നതാണ്. ഗന്ധം നഷ്ടപ്പെടുത്തുന്ന, മണം വികൃതമാക്കുന്ന പരോസ്മിയ പോലെയോ ആകാം (ഒരു ഗന്ധം മറ്റൊരു ഗന്ധമായി അനുഭവപ്പെടുന്ന അവസ്ഥയാണ് പരോസ്മിയ). നല്ല ഗന്ധം ദുർഗന്ധമായി അനുഭവപ്പെടുന്നു. ഗന്ധം നഷ്ടപ്പെട്ട ഒരു കാലത്ത് നിന്നുകൊണ്ട് ഗന്ധസ്മൃതികൾ വായനക്കാരിൽ എത്തിക്കാൻ രചയിതാവ് ശ്രമിക്കുന്ന "വേനലിൽ ഒരു മഴ വരുന്നതോടുകൂടി തൊട്ടുമുൻപുള്ള ഗന്ധങ്ങൾ താൻ തിരിച്ചറിഞ്ഞു.ആരോ അരകല്ലിൽ ചേർത്തരയ്ക്കുന്നുണ്ടെന്ന് തോന്നി. ഗന്ധങ്ങൾ മൂക്ക് തുളച്ചു. അമ്മയുണ്ടാക്കുന്ന സാമ്പാറിന്റെ മണം. ഇങ്ങനെ ഗന്ധശേഖരത്തിന്റെ ഒരു വാതിൽ മലർക്കേ തുറന്നിടുകയാണ്.കോവിഡ് ബാക്കിയാക്കുന്ന മറ്റൊന്ന് രുചി ഇല്ലായ്മയാണ്. കുരുമുളകും പെരുംജീരകവും ചേർത്തരച്ച് മസാലയിൽ പൊരിച്ച മീൻ വറുത്തതിന്റെ രുചി ഓർമ്മ വരുന്നുണ്ട് .നീല കറുപ്പിൽ പഴുത്ത കുറേ കൊട്ടങ്ങകൾ മസാലക്കൂട്ടിന്റ ഓർമ്മയിൽ വായിലിട്ട് ചവച്ചരച്ചു. പുളിയും മധുരവും ഒരുപോലെ കലർന്ന പഴരസം മദിപ്പിച്ചു. ഇത് അത്ര വേഗം ഉടലിൽ നിന്ന് വിട്ടു പോകില്ല.ഇങ്ങനെ കോവിഡ് നഷ്ടമാക്കിയ രുചിയുടെയും ഗന്ധങ്ങളുടെയും ഒക്കെ സ്മൃതി പേടകം ഇവിടെ തുറന്നിടുന്നു.

## നിഷേധിക്കപ്പെടുന്ന ആകാശം

ഒരു ചെറിയ അണുവിനെ ഭയന്ന് ലോകം മുഴുവനും സ്വയം പ്രതിരോധിച്ച് ലോക്ക് ഡൌൺ തീർത്തു കഴിയുന്ന കാലത്ത് നിൽക്കുന്ന കഥാനായകൻ. ഒഴിഞ്ഞ മൈതാനങ്ങൾ, മദ്യശാലകൾ, പാർക്കുകൾ, സ്കൂൾ, ആരാധനാലയങ്ങൾ, ചോദ്യങ്ങൾ ഇല്ലാത്ത, അനുസരിക്കപ്പെടലിന്റെ അസഹിഷ്ണുത നിറഞ്ഞ ജീവിതം. ഇങ്ങനെയുള്ള കോവിഡ് കാലത്ത് നിന്നുകൊണ്ട് സമൃദ്ധിയുടെ, ഉല്ലാസത്തിന്റെ ഒരു കാലത്തെ ഓർമ്മകളിൽ കഥാനായകൻ സ്വയം മുഴുകുന്നു. നഷ്ടങ്ങളെ വീണ്ടെടുക്കുവാനുള്ള ശ്രമം കൂടി ആണത്. നിശബ്ദതയിലേക്ക് ശബ്ദങ്ങളുടെ ആരവം നിറയുകയാണ്. സ്കൂളുകൾ അടഞ്ഞു കിടക്കുന്ന കാലത്തിലേയ്ക്ക് കുട്ടികൾ ആർത്തിരമ്പി

ഓടി ഇറങ്ങിവരുന്നു! തലയ്ക്ക് മുകളിൽ ശബ്ദമിട്ട് പറക്കുന്ന വിമാനങ്ങൾ..." നീ കൊട്ടങ്ങ പറിച്ചോ ഞാൻ പൂച്ചപ്പഴം പറിക്കാം.നമുക്ക് സാർ കാണാതെ ക്ലാസ്സിൽ ഇരുന്ന് തിന്നാം". രുചിയുടെയും ഗന്ധങ്ങളുടെയും ലോകത്ത് നിറയുന്ന ഇതൊന്നുമില്ലാത്ത കോവിഡ് കാലത്തേക്ക് അത് പരന്നൊഴുകുന്നു.. അങ്ങനെ പരന്നൊഴുകി അത് കാഴ്ചയുടെ പറുദീസ ഒരുക്കുന്നു.പെൺകുട്ടിയും,മഞ്ഞ കോളാമ്പി പൂക്കളും, കരിനീലയിൽ മധുരിക്കുന്ന കൊട്ടങ്ങയും, വെളുത്ത പൂച്ച പഴങ്ങളും, മേഘങ്ങൾ ഇറങ്ങിയ ഒരു വെളിയിടവും.ചാറൽമഴയിലും ആകാശങ്ങളിൽ വെള്ളയും നീലയും മേഘങ്ങൾ താഴേക്ക് ഇറങ്ങിനിന്നു സൗദാമിനിക്ക് അന്നേരം ആകാശഭംഗി കൈവരുന്നു.വെയിലും മഴയും കുണുങ്ങിചിരിച്ചു. കാഴ്ചയുടെ ഈ ആകാശഭംഗിയിൽ നിന്നാണ് നെപ്പോളിയനെ അയാൾ കാണുന്നത്.

കുടുംബാരോഗ്യ കേന്ദ്രത്തിൽ വച്ച് അവിചാരിതമായി കണ്ടുമുട്ടുന്ന നെപ്പോളിയനോട് ഇടതടവില്ലാതെ സംസാരിക്കുമ്പോഴും വാക്കുകൾക്കിടയിൽ തെളിഞ്ഞു നിൽക്കുന്നത് കോവിഡിനെ കുറിച്ചുള്ള ആശങ്ക മാത്രമാണ്.

നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ അവരിൽ ആകുലത നിറയ്ക്കുന്നു. നെപ്പോളിയന് കോവിഡിനെ പേടി മറ്റൊന്നും കൊണ്ടല്ല ചത്താൽ കത്തിക്കും എന്നതാണ് "ഏതെങ്കിലും മണ്ണീർപ്പമുള്ള കുഴിയിൽ ഒടുങ്ങണമെന്ന് എനിക്കുള്ളൂ ഇത്തിരി ഈർപ്പത്തിൽ ദേഹം തൊടണം മണ്ണ് മെനഞ്ഞത് മണ്ണിൽ ഒടുങ്ങണം അതേയുള്ളൂ അല്ലായിരുന്നെങ്കിൽ ഈ വാക്സിനേഷന് ഒന്നും ഞാൻ വരില്ലായിരുന്നു "ഇങ്ങനെ പറയുന്ന നെപ്പോളിയന് അറിയാം ഇനി ജീവിതം ജീവിക്കാൻ മിച്ചം ഒന്നും ഇല്ല എന്ന്. മരണ ഭയം ഉണ്ടായിട്ടല്ല, നരകത്തെ ഭയപ്പെടുന്നുമില്ല എങ്കിലും മുൻപൊരിക്കലും തോന്നിയിട്ടില്ലാത്ത വിധം പൊളിഞ്ഞ തട്ടിലാണ് കളിക്കുന്നത് എന്ന ഒരു തോന്നൽ നെപ്പോളിയനിൽ ഉണ്ടാവുന്നു. ആ തോന്നൽ രോഗാതുരമായ ഈ കാലത്തിന്റെതാണ്. ലോകം കീഴടക്കിയ കോവിഡിന്റേതാണ്. മനുഷ്യൻ, അവന്റെ കണ്ടുപിടിത്തങ്ങൾ, ആയുധങ്ങൾ എല്ലാം നിഷ്ഫലമാകുന്ന കാഴ്ച! ലോകം നിശബ്ദതയിലേക്ക് ആണ്ടു പോകുന്നു. ആ താഴ്ചയിൽ നിന്ന് വായിച്ചെടുക്കേണ്ട കഥയാണ് എട്ടാം കാറൽസ്മാൻ ജീവചരിതം. ജീവിച്ചിരിപ്പുണ്ട് എന്നതിന്റെ തെളിവാണ് നമ്മുടെ ഗന്ധങ്ങൾ. അത് നഷ്ടപ്പെടുന്നു, അഹം ബോധത്തിന്റെ മുനയൊടിക്കപ്പെടുന്നു. സ്വാതന്ത്ര്യചിന്ത എവിടെയോ മറന്നുവെച്ച്, വ്യക്തിസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട്, കോൺസെൻട്രേഷൻ ക്യാമ്പുകളിൽ എന്നത് പോലെ നാല് ചുമരുകൾക്കുള്ളിൽ ഒതുക്കപ്പെടുന്നു. അവിടെ നിന്നുകൊണ്ട് വീരപ്രതാപത്തോടെചവിട്ടി ഉയർന്ന് അതിജീവനത്തിന്റെ പാത തിരയുകയാണ് എട്ടാം കാറൽസ്മാൻ.

## സഹായകഗ്രന്ഥങ്ങൾ

1. ഡോ. എം. എ ബഷീർ, മലയാള ചെറുകഥ സാഹിത്യ ചരിത്രം, 2008,കേരള സാഹിത്യ അക്കാദമി.
2. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം 23 (2021 ആഗസ്റ്റ് (22-28)